
# GREGORIAN VOICE





**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**June 2015**

# Hearty Condolence



We express our heartfelt condolences on the sad demise of Mr. Paulose P.P father of Mr. Ajesh Paul.

# Vicar's Desk : Rev Fr. Jobbymon Skaria

മനുഷ്യജീവിതത്തിൻെറ ദൈർഘ്യം എത്ര മാത്രം? പലപ്പോഴും നാം നമ്മുടെ ഭാവിയേക്കുറിച്ച് കണക്കുകൾ കൂട്ടുന്നത് അനവധി വർഷങ്ങൾ നമ്മുടെ മുൻപിൽ ഉണ്ട് എന്ന ബോധ്യത്തിലാണ്. ഇന്ന് നാം വായിച്ചറിഞ്ഞതോ കേട്ടറിഞ്ഞതോ ആയ ചരമവാർത്തകൾ യാതൊരു പ്രതികരണവും നമ്മിൽ ഉണ്ടാക്കാതെ കടന്ന് പോകുന്നതും ഈയൊരു മിധ്യാധാരണയുടെ അടിസ്ഥാനത്തിലായിരിക്കാം.... "പ ാമ്പിൻെറ വായിൽ അകപ്പെട്ട് ജീവനുവേണ്ടി പിടയുന്ന തവള തൻെറ മുന്നിലൂടെ പറന്ന് പോകുന്ന ചെറുപ്രാണിയെ പിടിക്കുവാൻ നാക്ക് നീട്ടുന്നത് പോലെയാണ് കാലമാകുന്ന പാമ്പിനാൽ പിടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ സുഖഭോഗങ്ങൾ തേടുന്നത്'' എന്ന കവിവാക്യം പ്രത്യേകം അനുസ്മരണീയമാണ്..

കർത്താവ് ഇപ്രകാരം ഒരു ഉപമ പറഞ്ഞു. ഒരു മനുഷ്യന് വളരെ വലിയ വിളവ് ഉണ്ടായി. തൻെറ വയലിലെ സമൃദ്ധമായ വിളവിനെ കണ്ട് ആ മനുഷ്യൻെറ ഉള്ള് കോരിത്തരിച്ചു. അവൻ തൻെറ പത്തായപ്പുരയിലേയ്ക്ക് സൂക്ഷിച്ച് നോക്കി. പത്തായപ്പുരയെ വിപുലപ്പെടുത്തുവാനുള്ള പദ്ധതി തയ്യാറാക്കി. അവൻ തന്നോട് തന്നെ പറഞ്ഞു: തിന്നുക, കുടിക്കുക, മദിക്കുക. എന്നാൽ അവനവന് വേണ്ടി മാത്രം കരുതുന്ന ഈ മനുഷ്യൻെറ സന്തോഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവം ചോദിച്ചു: "ഈ രാത്രിയിൽ നിൻെറ ആത്മാവിനെ നിന്നോട് ചോദിച്ചാൽ നീ കരുതിവച്ച സമ്പാദ്യം എവിടെയാകും?"

പലപ്പോഴും ഈ ലോകത്തിൻെറ തിരക്കുകൾക്കും മോഹങ്ങൾക്കും പിന്നാലെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ പായുന്ന പരക്കം പാച്ചിലിനിടയിൽ നാം മറന്ന് പോകുന്ന ഒരു കാര്യം ഈ ജീവിതത്തിൻെറ ക്ഷണികതയേക്കുറിച്ചാണ്.

ഞായറാഴ്ച ദൈവാലയത്തിൽ വന്നിട്ടും കുമ്പസ്സാരിക്കാതിരുന്നാൽ വീണ്ടും ഒരു കുമ്പസ്സരത്തിനുള്ള അവസരം ലഭിമെന്ന് ഉറപ്പുണ്ടോ? ഞായറാഴ്ച ദൈവാലയത്തിൽ വന്നിട്ടും വി. കുർബാന അനുഭവിക്കാതിരുന്നാൽ, വീണ്ടും ഒരു കുർബ്ബാന അനുഭവിക്കുവാൻ സാധിക്കുമെന്നുറപ്പുണ്ടോ? ഒരുവനോട് മനസ്സിൽ ശത്രുതയുണ്ടെങ്കിൽ, അവനുമായി ഇന്ന് രമ്യതപ്പെടാതിരുന്നാൽ, അവനുമായി രമ്യപ്പെടാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുകയില്ലെന്നുറപ്പുണ്ടോ? ഇന്ന് പാപാസക്തികളെ ഉപേക്ഷിക്കാതിരുന്നാൽ, പാപാസക്തികളോടെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടേണ്ടി വരികയില്ലയെന്നുറപ്പുണ്ടോ?

ശവസംസ്കാരക്രമത്തിൽ ഇപ്രകാരം പാടുവാൻ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു..“സോദരന്യോന്യം മല്ലിട്ടു...മധ്യേ മൃതിവേഗം വന്നെത്തി” പ്ര ിയപ്പെട്ടവരെ ഈ ദിവസം ദൈവം നമുക്ക് തന്നിരിക്കുന്ന ദാനമാകുന്നു. ഈ ദാനത്തെ മണ്ണിൽ കുഴിച്ചിടാതെ തമ്പുരാൻെറ നാമമഹത്വത്തിനുവേണ്ടി ഉപയോഗിക്കുന്നുവെങ്കിൽ നിശ്ചയമായും താലന്തുകളെ വ്യാപാരം ചെയ്ത് വർദ്ധിപ്പിച്ച ദാസനെപ്പോലെ, അവിടുത്തെ അനുമോദനത്തിന് നാമും അർഹരായിത്തീരും.

സസ്നേഹം ജോബിയച്ചൻ.

# അനുഗ്രഹവും ശാപവും

## ഫാ. തോമസ് പുതിയാമഠത്തിൽ

ഒരു സാധാരണ മനുഷ്യന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്ന വാക്കുകളാണ് അനുഗ്രഹവും ശാപവും. മനുഷ്യർ തങ്ങളുടെ ജീവിതത്തിലെ ഏറ്റക്കുറച്ചിലുകളെ ഈ പദങ്ങളുമായി താദാത്മ്യം ചെയ്യാറുണ്ട്. അതിനു കാരണം അനുഗ്രഹങ്ങൾ ദൈവത്തിന്റെ ദാനമാണെന്നും ജീവിത പ്രതിസന്ധികൾ ദൈവകോപത്തിന്റെ ഫലമാണെന്നുള്ള ചിന്തയാണ്.

ഓരോ വ്യക്തിയുടെയും ജീവിതത്തിലെ ഉയർച്ചകളെ ദൈവീകനുഗ്രഹങ്ങളായാണ് വിലയിരുത്തുന്നത്. മനുഷ്യർ ബലഹീനരാണെന്നും, സർവ്വശക്തനും സർവ്വവ്യാപിയും, സർവ്വജ്ഞനുമായ ദൈവത്തിന്റെ കൃപാകാരുണ്യം കൊണ്ടു മാത്രമേ ജീവിതവിജയം സാധ്യമാകുയെന്നുള്ള ചിന്തയാണ് ഇതിനു പിന്നിൽ. ഈശ്വരസന്നിധിയിൽ നിന്നുള്ള അനുഗ്രഹങ്ങൾക്കു ഈശ്വരപ്രീതി നേടുവാനായി ദൈവീക കല്പനകളെ പാലിക്കുവാൻ മനുഷ്യർക്ക് ബാധ്യതയുണ്ടെന്നും ഈ ചിന്ത നമ്മെ ഓർമ്മപ്പെടുത്തുന്നു.

എന്നാൽ ശാപം എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ സാധാരണക്കാരായ മനുഷ്യരിൽ ഭയം ജനിപ്പിക്കുന്നതാണ്. ദൈവകോപവുമായി ഈ വാക്ക് ബന്ധപ്പെട്ടുകിടക്കുന്നതായി കാണുവാൻ കഴിയും. യഥാർത്ഥത്തിൽ സൃഷ്ടി, സ്ഥിതി, സംഹാരകനായ ദൈവത്തിന് തന്റെ സൃഷ്ടികളിൽ ഒന്നിനു പോലും ദോഷം ഭവിക്കുന്നതു ചെയ്യുവാൻ കഴിയുമോ?. ജീവിതത്തിലെ താഴ്ചകളെ കാലക്കേട്, ദുർവ്വിധി, അനിഷ്ട സംഭവം, അനർത്ഥം എന്നിങ്ങനെ പല പേരുകളിൽ വിശേഷിപ്പിക്കാറുണ്ട്. ഇത്തരം ജീവിതനുഭവങ്ങളെ നിർഭാഗ്യകരമായ സംഭവ വികാസമായി കാണുന്നവർക്കു മാത്രമേ അതു കാലക്കേടായി പരിണമിക്കു.

ജീവിതത്തിൽ ദു:ഖങ്ങളും ദുരിതങ്ങളുമുണ്ടാകുമ്പോളും, ഉറ്റവരുടെ പെട്ടന്നുള്ള മരണം, ബിസിനസ്സ് പരാജയം, തൊഴിൽ നഷ്ടപ്പെടൽ തുടങ്ങിയവ കാലക്കേടായി വിലയിരുത്തുന്നവരുണ്ട്. വിപത്തുകളും അനർത്ഥങ്ങളും നേരിടുമ്പോൾ ഇത്തരക്കാരുടെ ആന്തരിക മനുഷ്യൻ മരവിക്കുകയും മന്ദീഭവിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ മുന്നോട്ടു നീങ്ങുവാനാകാതെ പ്രകാശത്തിന്റെ ഒരു കതിരുപോലും കാണാതെ ഇരുട്ടിൽ തപ്പുന്നതായി കാണാം. അവരെ ബാധിച്ച മരവിപ്പും മന്ദതയും മാറാതെ മുന്നോട്ടു നീങ്ങുവാനവർക്കു സാധ്യമല്ല. ആന്തരീക മനുഷ്യന്റെ ആഴവും പരപ്പും കൂടുതൽ മനസ്സിലാക്കുവാനും വിലയിരുത്തുവാനും കുറവുകളെ നികത്തുവാനും ദൈവോന്മുഖരായി കരുത്തോടെ ജീവിക്കുന്നതിനുമുള്ള അവസരമായി ജീവിതത്തിലെ ദുരനുഭവങ്ങളായി മാറ്റുവാൻ കഴിയണം.

ലോകത്തിൽ ഇന്നു നിലനില്ക്കുന്ന പല മതങ്ങളുടെയും വളർച്ചയുടെ ചരിത്രത്തിലെ ഏടുകൾ പരിശോധിക്കുമ്പോൾ ഒട്ടനവധി മനുഷ്യ ജീവിതങ്ങൾ ഹോമിക്കേണ്ടിവന്നിട്ടുണ്ട്. അവരുടെ സഹനവും ത്യാഗവും അവരവരുടെ വിശ്വാസ സംഹിതകളുടെ വെളിച്ചത്തിൽ ന്യായികരിക്കത്തതുമാണ്. അവർ ജീവിതത്തിലെ ദുരിതപർവ്വങ്ങളെ തങ്ങളുടെ വിശ്വാസ പ്രമാണങ്ങളുടെ സംരക്ഷണത്തിനും, വളർച്ചക്കുതകുന്നതിനുമുള്ള ചവിട്ടു പടികളായി പ്രയോജനപ്പെടുത്തുകയാണ് ചെയ്തത്.

ശാപം എന്ന വാക്ക് സാധാരണ ജനത്തെ വരുതിയിലാക്കി നിർത്തുവാനായി അധികാരക്കൊതിയന്മാരും, സ്വാർത്ഥമതികളുമായ പലരും ഉപയോഗിക്കുന്നതായി കാണാം. എന്നാൽ ശാപം എന്നവാക്ക് ദൈവവുമായി ബന്ധപ്പെടുത്തേണ്ട ഒന്നല്ല എന്നതാണ് യഥാർത്ഥ്യം

ബൈബിളിൽ പുതിയനിയമത്തിൽ യേശുവിന്റെ മേൽ കുറ്റം കണ്ടെത്തുവാനായി മാത്രം അവന്റെ പിന്നാലെ കൂടിയിരുന്ന കൂട്ടരായിരുന്നു പരീശന്മാരും, സാദൂക്യരും. അവർ മോശയുടെ ന്യായപ്രമാണത്തിന്റെ സംരക്ഷകരാണെന്ന് സ്വയം ധരിച്ചവരായിരുന്നു. അവർ സാധാരണ ജനത്തിന്റെ മേൽ കഠിനമായ നിയമങ്ങൾ അടിച്ചേല്പിച്ച് തങ്ങളുടെ സുഖലോലുപതക്കും, ആഡംബര ജീവിതത്തിനും വേണ്ടി ജനത്തെ ചൂഷണം ചെയ്തിരുന്നവരായിരുന്നു. ജനങ്ങൾ പാലിക്കണമെന്നവർ നിഷ്കർഷിച്ചിരുന്ന നിയമങ്ങൾ സ്വന്ത ജീവിതത്തിൽ അവർ പാലിക്കറുണ്ടായിരുന്നില്ലെന്നു മാത്രമല്ല ദൈവകോപത്തിന്റെ പേരിൽ ജനങ്ങളെ ഭയചികിതരാക്കി അടക്കി നിർത്തുവാനും ശ്രമിച്ചിരുന്നു. യേശുവിന്റെ കാലത്തെ പരീശപ്രമാണിമാർക്കു സമാനമായ പ്രവൃത്തനങ്ങളുമായി , സ്വന്ത നേട്ടങ്ങൾക്കുവേണ്ടി നിയമങ്ങൾ ചമക്കുന്ന സ്വാർത്ഥതയുടെ ആൾരൂപങ്ങളെ ഇന്നത്തെ സമൂഹത്തിലും കണ്ടെത്തുവാൻ കഴിയും. തങ്ങളുടെ അരുതായ്മകളെ മറക്കുവാനായി കാപട്യത്തിന്റെ പൊയ്മുഖങ്ങളണിയുന്ന ഇക്കൂട്ടർ തെറ്റുകളെ ചൂണ്ടികാണിക്കുന്നവരെ ബോധപൂർവ്വം സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തുവാനായി ശ്രമിക്കുന്നതായി കാണാം. ആട്ടിൻ കുട്ടികളെ തമ്മിലടിപ്പിച്ച് അവരുടെ ശിരസ്സ് തകർന്നൊഴുകുന്ന രക്തം ആർത്തിയോടെ നക്കിനുണയുവാനൊരുമ്പിട്ട കുറുക്കന്റെ കഥ സ്വാർത്ഥ ലാഭത്തിനുവേണ്ടി മനുഷ്യനെ തമ്മിലടിപ്പിക്കുന്നവർക്കു വേണ്ടിയുള്ള താക്കീതാണ്.

ഒരിക്കലും മുങ്ങുകയില്ലയെന്നുള്ള അവകാശ വാദത്തോടുകൂടി കന്നിയാത്ര ആരംഭിച്ച ആഡംബരക്കപ്പലായ ടൈറ്റാനിക്കിനു സംഭവിച്ച ദുരന്തം എല്ലാവർക്കും പാഠമാണ്. അറ്റ്ലാന്റിക്കിന്റെ വിരിമാറിലൂടെയുള്ള കന്നിയാത്രയിൽ സമുദ്രത്തിലെ മഞ്ഞുമലയെ കുറിച്ച് മറ്റൊരുകപ്പലിൽ നിന്നും മുന്നറിയിപ്പ് കിട്ടിയിട്ടും അതു വകവക്കാതെ മുന്നോട്ടു നീങ്ങി മഞ്ഞുമലയിൽ തട്ടി തകർന്ന് 2000 ഓളം യാത്രക്കാരുമായി അറ്റ്ലാന്റിക്കിന്റെ അടിത്തട്ടിലുറഞ്ഞ ടൈറ്റാനിക്ക്

പലരുടെയും ജീവിതത്തിനെ പ്രതീകമാണ്. ജീവിതത്തിൽ എന്തെല്ലാം നേട്ടങ്ങൾ സ്വന്തമാക്കിയാലും ദൈവത്തെ മറന്നുള്ള പ്രവൃത്തനം കൊണ്ട് അവയെല്ലാം തകരുവാൻ ഒരു നിമിഷം മതി. പിന്നീട് അതിന്റെ കാര്യ കാരണം അന്വേഷിച്ചെത്തി നില്ക്കുന്നത് ദൈവകോപം ശാപം തുടങ്ങിയ പദങ്ങളിലായിരിക്കും.

എന്നൽ ജീവിതത്തിൽ എന്തു ദുരിതങ്ങളുണ്ടായാലും ഏതു മഞ്ഞുമലയിൽ ചെന്നിടിച്ചാലും ദൈവത്തിൽ പൂർണ്ണമായി ആശ്രയം വയ്ക്കുന്നവരോടുകൂടെ ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ എപ്പോഴും ഉണ്ടാകും. അപ്രകാരമുള്ളവർക്ക് ജീവിതത്തിലെ ഉയർച്ച താഴ്ചകളെല്ലാം അനുഗ്രഹത്തിന്റെ നാൾവഴികളായി അനുഭവപ്പെടും..

**Vanitha Samajam Chain prayer**

**Every first Friday of the month from 6:00 to 24 hrs.**

## ***Prayer meetings arranged in June***

***12-June -2015-Friday***

**Mr.Biju Mullamkuzhithadathil**

Address: #46, St James's Wood, South Circular Road, Dublin 8.

***26-June -2015-Friday***

**Mathew Joy Paulose**

*Address:* Flat 2D, St Anthony's, Myrtle Avenue Dun Laoghaire.

**Please email gregorianvoice@gmail.com with your suggestions and comments.**

# Birthdays Celebrated in June

BINU BABY ANTHINATTU

MERLIN ELSA DAVID

SAM KURIAKOSE

FIONA RACHEL BIJU

MARIA BINU ANTHINATTU

SARAH PAUL

JOEL TOM JACOB

KURIAKOSE P C

NIJU SCARIAH

MARY SMALL FINCY

ALEX JAJI

PRINCE KURIAKOSE

SHABU PAUL

DAVID SHALLOT

ANMARIYA AJU

CHRIS PAUL CHIKKU

ALPHEUS K. ALIAS

COLIN BASIL DELMON

CHRISTA GIGI

ALEXIO SAM

ELIAS THOMAS

SMITHA VARGHESE

ANN PAUL

RIENCY MATHEW

DAVIN ANIL

DERON ANIL

EVA ANN THOMAS

IRINE MARY JAIN

MITHRA VARGHESE

IVA GEORGE

## Anniversaries Celebrated in May

**GIBU JOSEPH**

**RONY MATHEW**

**JAI K JOHN**

**ADHISON GEORGE**

**FR JOBYMON SKARIA**

**BENOY.A.KURIAKOSE**

**GIGI P THOMAS**




ഡബ്ലിൻ യാക്കോബായ പള്ളിയിൽ അവധിക്കാല മലയാളം ക്ലാസ്സുകൾ ജൂലൈ അഞ്ചാം തീയതി ആരംഭിക്കുന്നു

---

ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി പള്ളിയിൽ അവധിക്കാല മലയാള ഭാഷാ ക്ലാസ്സുകൾ ജൂലൈ അഞ്ചാം തീയതി ആരംഭിക്കുന്നു. കുട്ടികളിൽ പിറന്ന നാടിനേക്കുറിച്ചുള്ള അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെയാണ് മലയാളം ക്ലാസ്സുകൾ

ആരംഭിച്ചിരിക്കുന്നത്. മലയാള ഭാഷാ പ്രാവീണ്യവും പ്രായവും അനുസരിച്ച് മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു.

സ്മിത്ത് ഫീൽഡിലുള്ള സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ, ജൂലൈ അഞ്ചാം തീയതി മുതൽ ഒൻപത് ഞായറാഴ്ച്ചകളിൽ 12:30 മുതൽ 2:00 വരെ യാണ് മലയാളം ക്ലാസ്സുകൾ നടത്തുന്നത്. തികച്ചും സൗജന്യമായി നടത്തപ്പെടുന്ന ഈ ക്ലാസ്സുകളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് 0868054500 / 0857184293




***Professional advice on all types of***

***Mortgage***

***Insurance***

***& Pension.***



***Contact***

# ***Saiju Thomas QFA***
# ***Mob: 0871467602***

Charterhouse Private Clients Ltd t/a Clevermoney is Authorised and Regulated by the Central Bank of Ireland